



# ദർശനം
Voice of Karattukunnel

കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 3 | ലക്കം 2 | ഡിസംബർ 2008 | പേജ് 6


## വികാരി എഴുതുന്നു...

ദൈവതിരുനാമം മഹത്വപ്പെടുമാറാകട്ടെ

കർത്താവിൻ പ്രിയരെ,

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ ദർശനം ത്രൈമാസപത്രിക ഇടവകയ്ക്ക് "ഉൾക്കാഴ്ച" നൽകി കൊണ്ടിരിക്കുന്നു എന്നത് എന്നെ ഏറ്റവും സന്തോഷിപ്പിക്കുന്നു. ഇടവകയിൽ 'ദർശനം' ഒരു ചലനം സൃഷ്ടിക്കുവാൻ സാധിച്ചു എന്നുള്ളത് അതിന്റെ ശക്തിയെ വിളിച്ചറിയിക്കുന്നു.

ശതാബ്ദിയുടെ നിറവിൽ ആയിരിക്കുന്ന നാം ഓരോരുത്തരും യഥാർത്ഥ ഉൾക്കാഴ്ചയുള്ളവരായിരിക്കണം. യഥാർത്ഥ ജീവിതം എങ്ങനെ? അത് ഇടവകയ്ക്ക് എന്ത് പ്രദാനം ചെയ്യുന്നു? ഇതുപോലെ ഉള്ള ചോദ്യങ്ങൾക്ക് നാം തന്നെ ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു.

യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം ഒരു സ്വാതന്ത്ര്യത്തിന്റേതാണ്. പൈശാചിക ബന്ധനത്തിൽ നിന്നുള്ള വിടുതൽ ഇത് ഇടവക ജീവിതത്തിൽ കൂടിയാണ് നമ്മുക്ക് ലഭിക്കുന്നത്. "സ്നേഹം" ഇതിന്റെ ഒരു ഭാഗമാണ്. യഥാർത്ഥ ദൈവസ്നേഹം ഇതിന്റെ കൊടുമുടിയാണ്. അതാണ് കാരാട്ടുകുന്ന്. ആ കുന്നിന്റെ മുകളിൽ വന്ന് ആരാധിച്ച് ആ സ്നേഹം നാം പിടിച്ചുവാങ്ങണം. അത് ദൈവപുത്രനിൽ നിന്ന് ആ "അമ്മ" നമുക്ക് വാങ്ങിത്തരുന്നു. ഇത് ഭവനത്തിൽ ഇരുന്ന് പ്രാർത്ഥിച്ചാൽ ലഭ്യമല്ല മറിച്ച് ആ കുന്നിൽ വന്ന് ആരാധിക്കുമ്പോൾ നമുക്ക് ലഭിക്കുന്നു.



ഇത് നമ്മുടെ പൂർവ്വികരുടെ "ഉൾക്കാഴ്ച" വ്യക്തമാക്കി തരുന്നു. നാം ആ വഴി പിൻ തുടരേണ്ടതാകുന്നു.

അതിനു ദൈവം നമ്മെ സഹായിക്കട്ടെ പ. ദൈവമാതാവിന്റെയും പ. പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ ദീവന്നാസിയോസ് തിരുമേനിയുടെയും പ്രാർത്ഥന കോട്ടയായിരിക്കട്ടെ.

എല്ലാ ഇടവകജനങ്ങൾക്കും ക്രിസ്തുമസ് – നവവത്സര ആശംസകൾ.

സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം വികാരിയച്ചൻ

**ഫാ. തോമസ് ആൻഡ്രൂസ് മള്ളിയിൽ**

## മഹാസമ്മേളനം മഹാവിജയം

### "സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസ സമൂഹത്തിന്റെ മാതൃകാപരമായ പ്രതിഷേധം"


കോട്ടയം : നഗരത്തെ പുളകം കൊള്ളിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ മഹാസമ്മേളനം നവംബർ 16-ന് സെന്റ് തോമസ് നഗറിൽ (ബസ്സേലിയോസ് കോളജ്) നടന്നു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത മഹാസമ്മേളനത്തിൽ നിയുക്ത ബാവായും മറ്റ് മെത്രാപ്പോലീത്താമാരും വൈദികരും അൽമായ പ്രമുഖരും സംബന്ധിച്ചു. പ്രസ്തുത യോഗത്തിൽ മലങ്കര സഭയുടെ സ്വാതന്ത്ര്യം ഒരു വിദേശ ശക്തിക്കും അടിയറവയ്ക്കില്ലെന്ന് കാതോലിക്കാ ബാവായും മലങ്കര സഭയെ ചവിട്ടിമെതിക്കാൻ വിഘടിത വിഭാഗക്കാരെയോ സർക്കാരിനെയൊ അനുവദിക്കില്ലെന്ന് നിയുക്ത കാതോലിക്കാ ബാവായും അഭിപ്രായപ്പെട്ടു.

## "ക്രിസ്തുമസ് രാവ്"

അമയന്നൂർ:- നമ്മുടെ പള്ളിയിലെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ക്രിസ്തുമസ് രാവ് 21-12-08 ഞായറാഴ്ച നടത്തുന്നു. അന്നേ ദിവസം 5.15 ന് സന്ധ്യാനമസ്ക്കാരത്തോടെ ആരംഭിക്കുന്ന ആഘോഷത്തിൽ സഭാമാനേജിംഗ് കമ്മിറ്റി അംഗം ശ്രീ. ചെറിയാൻ വർഗ്ഗീസ് ദൂത് നൽകും. ഫാ. വർഗീസ് ജേക്കബ്, ഫാ. തോമസ് ആൻഡ്രൂസ്, ശ്രീ. റ്റി. എ. ചാക്കോച്ചൻ എന്നിവർ ആശംസകൾ അർപ്പിക്കും. സെന്റ് മേരീസ് വോയ്സ് അരീപ്പറമ്പിന്റെ ഗാനശുശ്രൂഷ, ഇടവകതല ക്രിസ്മസ് ട്രീ മത്സരം, സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ക്രിസ്മസ് ഫാദർ മത്സരം, ടാബ്ലൊ എന്നിവ ഉണ്ടായിരിക്കും.

**ഭാരതത്തിന്റെ അഖണ്ഡതയും മതസൗഹാർദവും സംരക്ഷിക്കുന്നതിനായി സ്വന്തം ജീവൻ ബലിയർപ്പിച്ച ധീരജവാന്മാർക്കും ദേശസ്നേഹികൾക്കും ദർശനത്തിന്റെ ആദരാഞ്ജലികൾ.**

**12-ാം ഓർമ്മ (8-11-2008)**



**പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് I കാതോലിക്കാ (ഭദ്രാസന മെത്രാപ്പോലീത്താ, 1980-85)**

ക്രിസ്തുമസ് നവവത്സര ആശംസകൾ



## റമ്പാൻ സ്ഥാനാഭിഷേകം പരുമലയിൽ നടന്നു

### മെത്രാഭിഷേകം 2009 ഫെബ്രു. 19-ന് പുതുപ്പള്ളിപ്പള്ളിയിൽ

പരുമല: 2008 സെപ്. 11-ന് പാമ്പാക്കുടയിൽ നടത്തപ്പെട്ട മലങ്കര അസോസിയേഷനിൽ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏഴുപേരിൽ വൈദികരായ അഞ്ചുപേർക്ക് ഡിസം. 4-ാം തീയതി പ. പരുമല പള്ളിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി. പ ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു.

## കുരിശടിക്കേസിലെ പ്രതികൾ പോലീസിനു മുന്നിൽ വിലസുന്നു; അറസ്റ്റ് വൈകുന്നു

കോട്ടയം: ഓർത്തഡോക്സ് സഭയുടെ വടക്കൻ മണ്ണൂർ, മെത്രാഞ്ചേരി പള്ളികളുടെ കുരിശടികൾ തകർത്ത പ്രതികൾ പോലീസിനു മുന്നിലൂടെ വിലസിയിട്ടും അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറാകുന്നില്ല. ഇതിനു പിന്നിൽ ഉന്നതതല ഇടപെടലുകളാണ് ഉണ്ടാവുന്നത്. പ്രതികളുടെ അറസ്റ്റ് വൈകുന്നുവെന്ന ആരോപണം മുമ്പ് ഉയർന്നപ്പോൾ അവർ മുൻകൂർ ജാമ്യാപേക്ഷയ്ക്ക് ശ്രമിക്കുന്നതിനാലാണ് അറസ്റ്റ് ചെയ്യാൻ കഴിയാത്തതെന്നായിരുന്നു പോലീസിന്റെ വിശദീകരണം. എന്നാലിപ്പോൾ ജാമ്യാപേക്ഷ തള്ളിയിട്ടു മൂന്നു ദിവസം കഴിഞ്ഞിട്ടും

*(ശേഷം 6-ാം പേജിൽ)*

## പ്രതിഷേധം

അമയന്നൂർ:- സഭയുടെ മണർകാട് ഗ്രൂപ്പിൽപ്പെട്ട വടക്കൻ മണ്ണൂർ സെന്റ് തോമസ് കഴുന്നുവലം സെന്റ് തോമസ് എന്നീ ദേവാലയങ്ങളുടെ കുരിശിൻതൊട്ടികൾക്ക് നേരെ നവംബർ 17-ന് ഉണ്ടായ ആക്രമണത്തിൽ അമയന്നൂർ കാരാട്ടുകുന്നേൽ സെന്റ് മേരീസ് പള്ളിയിൽ നടന്ന പ്രതിഷേധ മീറ്റിംഗിൽ ട്രസ്റ്റി ശ്രീ. റ്റി. എ. ചാക്കോച്ചൻ തൂത്തൂട്ടിക്കൽ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. ഫാ. തോമസ് ആൻഡ്രൂസ് പ്രസംഗിച്ചു.



യുവജന പ്രസ്ഥാനം യൂണിറ്റിൽ നടന്ന മീറ്റിംഗിൽ സെക്രട്ടറി ജോഷി ഒ. ജെ. പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു.


ANN MEDICALS

Regency Square, Collectorate Jn.
K. K. Road, Kottayam-2
E-mail: roykaringali@yahoo.com
Mob: 9496114996
0481 2548222 (R)
0481 2585777 (O)

ROYS GROUP

Managing Partner: K. Roy Mathew B. Pharm.
Karingalikattil

medicines, cosmetics & baby foods

## എഡിറ്റോറിയൽ

ദർശനം
പുസ്തകം 3 ലക്കം 3 ഡിസംബർ 2008

പ്രിയപ്പെട്ട വായനക്കാരേ,

നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ഈ കഴിഞ്ഞ മാസങ്ങൾ വളരെ നിർണ്ണായകമായിരുന്നല്ലോ സഭാമക്കളും നേതൃത്വവും തമ്മിലുള്ള ബന്ധത്തിന്റെ ആഴം വിളിച്ചറിയിച്ച ഒരു മഹാസമ്മേളനം നടത്തുന്നതിന് ദൈവം അനുഗ്രഹിച്ചു. ഈ വിജയം അധികാരികളുടെയും എതിരാളികളുടെയും കണ്ണ് തുറപ്പിക്കട്ടെ.

മഹാസമ്മേളനവിജയത്തിൽ പരിഭ്രാന്തരായവർ മണർകാട് ഡിസ്ട്രിക്റ്റിലെ മൂന്നു കുരിശടികൾ ആക്രമിച്ചതിൽ കാരാട്ടുകുന്നേൽ യുവജന പ്രസ്ഥാനത്തിന്റെ 'ദർശനം' ത്രൈമാസ പത്രികയ്ക്കുള്ള പ്രതിഷേധം അറിയിക്കുന്നു.

മലങ്കരസഭയുടെ അഭിമാനമായ പാമ്പാടി ദയറായുടെ ചുമതലക്കാരനായിരുന്ന ബഹു. യോഹന്നാൻ റമ്പാച്ചന്റെ ദേഹവിയോഗത്തിലുള്ള ദുഃഖം രേഖപ്പെടുത്തട്ടെ. അദ്ദേഹം തുടങ്ങിവച്ച നല്ല കാര്യങ്ങൾക്ക് വേണ്ട പിന്തുണ നൽകുവാൻ നാം ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. ദയറാ മാനേജരായി നിയമിതനായ ഫാ. മാത്യു കെ. ജോണിനെ അനുമോദിക്കുകയും അച്ചന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മേല്പറഞ്ഞ സന്തോഷങ്ങളിലും ദുഃഖത്തിലും സമചിത്തത കൈവിടാതെ പ്രതികരിക്കാൻ സാധിച്ചതിലൂടെ നമ്മൾ എതിരാളിക (പിശാചിന്റെ) ളുടെ മേൽ ജയം നേടിയിരിക്കുന്നു. ഇതിനായി സഭയെ ഒരുക്കിയ ദൈവത്തിന് നന്ദി പറയാം.

മലങ്കര ഓർത്തഡോക്സ് സഭയുടെ ജനാധിപത്യ സ്വഭാവം ഉയർത്തിക്കാണിച്ച ഒന്നായിരുന്നു. കഴിഞ്ഞ സെപ്: 11-ാം തീയതി പാമ്പാക്കുടയിൽ നടന്ന സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനും മേല്പട്ട സ്ഥാനത്തേക്ക് ഏഴ് പേരെ തെരഞ്ഞെടുത്തതും. 2009 ഫെ. 19-ന് പുതുപ്പള്ളി പള്ളിയിൽ വച്ച് ഇവർ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. ദർശനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

സൺഡേസ്കൂൾ പുതിയ അധ്യായനവർഷം ആരംഭിക്കുമ്പോൾ നമ്മുടെ കുരുന്നുകളെ ചേർക്കുവാൻ ഓർമ്മിക്കുവല്ലൊ. ആത്മീയ സംഘടനകളിൽ പ്രഥമസ്ഥാനം സൺഡേസ്കൂളിനാണ്. ആത്മീയ സംഘടനകളിലും പള്ളിക്കാര്യങ്ങളിലും താത്പര്യം കാണിക്കുന്നതിനുള്ള പ്രചോദനം ലഭിക്കുന്നത് സൺഡെസ്കൂളിൽ നിന്നാണ് "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിച്ചാൽ വൃദ്ധനായാലും അതിൽ നിന്ന് വിട്ടുമാറുകയില്ല" എന്നുള്ള വേദവാക്യം ഈ അവസരത്തിൽ ചിന്തനീയമാണ്.

*തന്റെ ഏകജാതനായ പുത്രനെ ലോകത്തിന് നല്കിയ ആ ദിവ്യ സ്നേഹം മറ്റുള്ളവരിലേക്ക് പകർത്തുവാൻ ഈ ക്രിസ്തുമസും പുതുവത്സരവും ഇടയാക്കട്ടെ.*

ദർശനം ത്രൈമാസ പത്രികയുടെ എല്ലാ വായനക്കാർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ..

നിങ്ങളുടെ എഡിറ്റർ,

**സ്ലീബാ സി. ഏബ്രഹാം**

## ദർശനം എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**
റവ: ഫാ: തോമസ് ആൻഡ്രൂസ്

**എഡിറ്റർ**
സ്ലീബാ സി ഏബ്രഹാം

**മെമ്പേഴ്സ്**
റോണി ഏബ്രഹാം
സന്തോഷ് ഏബ്രഹാം
റോയി ജേക്കബ്
ജോഷി ഒ. ജെ.
അനീഷ് പി. സ്കറിയ
ടിൻസു ജോൺ

യുവ വീക്ഷണം

## യുവാക്കളും "മോഡേണിസവും"



**റോണി ഏബ്രഹാം**

ഇന്നത്തെ യുവാക്കൾ നമ്മുടെ പൈതൃകമായ കേരളീയ സംസ്കാരത്തിന്റെ സവിശേഷത മനസിലാക്കാതെ പാശ്ചാത്യ സംസ്ക്കാരത്തെ അന്ധമായി അനുകരിക്കുന്ന ആധുനികതയിലേക്ക് (മോഡേണിസം) കൂപ്പുകുത്തുകയും സങ്കീർണവും കലുഷിതവുമായ ജീവിത പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നു.

നമ്മുടെ സമൂഹത്തിൽ നിന്നും ആധുനികതയിലേക്ക് വഴുതി വീഴുന്ന ഈ തലമുറയെ ബോധവല്ക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ് അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കുടുംബത്തിൽ നിന്നു തന്നെയാണ് തുടങ്ങേണ്ടത്. നമ്മുടെ സമൂഹവും, സഭയും, ഇടവകയും യുവതലമുറയ്ക്ക് വേണ്ടി ക്രിയാത്മകമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കുടുംബ ബന്ധങ്ങൾക്കും സാമൂഹ്യജീവിതത്തിനും ഒരു വിലയും കല്പിക്കാത്ത, മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്ത് മൂല്യങ്ങളുടെ പ്രസക്തിയെ കുറിച്ച് പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതും അത്യാവശ്യമാണ് മോഡേണിസം തകർത്താടുമ്പോൾ സാധാരണ ജനങ്ങൾ പോലും അതിനു പിന്നാലെ പോകുമ്പോൾ ഇതിന്റെ തിക്തഫലങ്ങൾ നമ്മുടെ യുവജനത വിസ്മരിക്കുന്നു.

ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടും രോഗഗ്രസ്ഥരായും (പ്രത്യേകിച്ച് വാഹനാപകടങ്ങൾ ഹൃദ്രോഗം) ചികിത്സതേടി വരന്നവരിൽ കൂടുതലും യുവാക്കളാണ്.

അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്ന നമ്മുടെ കുട്ടികൾ മോഡേണിസവും പാശ്ചാത്യതയും അനുകരിച്ച് കൊണ്ട് കാട്ടിക്കൂട്ടുന്ന വിക്രിയകൾ നാം കണ്ടുകൊണ്ടിരിക്കുന്നു.

പത്രമാധ്യമങ്ങളും റ്റി. വി. ചാനലുകളും എന്തിന് ഭരണകൂടങ്ങളും ഐ. റ്റി. ഫീൽഡിനെയും മറ്റും വാഴ്ത്തി പാടുമ്പോൾ അഥവാ ജീവനോപാധിയായി, ജീവിതത്തിന്റെ ഭാഗമായി നമ്മുടെ മുമ്പിൽ ചിത്രീകരിക്കുമ്പോൾ മറുവശത്ത് ഇത് വരുത്തി വയ്ക്കുന്ന തിക്തഫലങ്ങൾ നാം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസം നേടിയോ ക്യാമ്പസ് ഇന്റർവ്യൂ വഴിയൊ ഒരു ജോലി ലഭിച്ചാൽ എല്ലാം നേടി എന്ന് ചിന്തിച്ച് നമ്മുടെ യുവാക്കൾ പുതിയ സംസ്ക്കാരത്തെ അനുകരിച്ച് അതിനെ ജീവിതത്തിന്റെ ഭാഗമായി മാറ്റുന്നു. "ഇവിടെ തുടങ്ങുന്നു അവരുടെ നാശവും" ഇങ്ങനെ ഒരു മോഡേണിസം നമ്മുക്ക് വേണോ? മാതാപിതാക്കളും യുവജനങ്ങളും സമൂഹവും ചിന്തിക്കൂ...

# പുൽക്കൂട്ടിലെ രഹസ്യം....

**ഫാ. വറുഗീസ് മാത്യു (സുനിലച്ചൻ)**



ഒരിക്കൽ കൂടി കർത്താവിന്റെ ജനനപെരുനാളിലേയ്ക്ക് നാം അടുത്തു വരികയാണ്. ക്രിസ്മസ്സിനെക്കുറിച്ചോർക്കുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം എത്തുന്നത് ക്രിസ്മസ് ഫാദറും, ട്രീയും, കേക്കും ഒക്കെയാണ് എന്നാൽ കാലിത്തൊഴുത്തിൽ കൈകാലിട്ടടിച്ച്, പുഞ്ചിരി തൂകുന്ന ഉണ്ണിയേശുവിന്റെ ആർദ്രഭാവം അടുത്തറിയുവാൻ നമുക്ക് കഴിയുന്നുണ്ടോ?

കാലിത്തൊഴുത്തിലെ ക്രിസ്തു സ്നേഹത്തിന്റെയും സഹനത്തിന്റെയും കരുതലിന്റെയും പ്രതീകമാണ്. ഈ ക്രിസ്മസിൽ ക്രിസ്തുവിന്റെ ഭാവം നമ്മുടെ ഉൾത്തടങ്ങളിലെ പുൽക്കൂട്ടിൽ ഉരുവാകട്ടെ.

ആത്മീകവും, ധ്യാനാത്മകവുമായ ഒരു ആന്തരികബോധത്തോടെ ക്രിസ്മസ്സിനെ നോക്കികണ്ടാൽ ക്രിസ്മസ്സും അതിലെ ആഘോഷങ്ങളും, അർത്ഥസമ്പുഷ്ടമായ ആത്മീയചിഹ്നങ്ങളായിമാറും. നാം അണിയിച്ചൊരുക്കുന്ന ക്രിസ്മസ് ട്രീക്കും, ഫാദറിനും, പുൽക്കൂടിനുമെല്ലാം ധാരാളം അർത്ഥങ്ങൾ നമുക്ക് കാണാൻ കഴിയും.

**ക്രിസ്മസ്സ് ട്രീ:-** പരമ്പരാഗതമായി ട്രീയായ് ഉപയോഗിക്കുന്നത് ഫിർ മരമാണ്. രാജകീയമായി ഉയർന്നു വളരുന്ന ഈ മരത്തിന്റെ ഒരിക്കലും മങ്ങാത്തതായ പച്ചനിറം മനുഷ്യന്റെ നിത്യമായ പ്രതീകമായി കാണാം.

സ്വർഗ്ഗോൻമുഖമായി വളരുന്ന അതിന്റെ കൂർത്ത അഗ്രം എപ്പോഴും ദൈവോന്മുഖമായിരിക്കേണ്ട മനുഷ്യ മനസ്സിനെ കാണിക്കുന്നു.

**കത്തുന്നമെഴുകുതിരി:-** ഇരുട്ടിൽ നടന്ന ജനത്തിനു് വെളിച്ചമായി തീർന്ന കർത്താവിനെ കാണിക്കുന്നു.

**നക്ഷത്രം:-** യുഗങ്ങൾക്ക് മുമ്പ് ദൈവം മനുഷ്യന് നൽകിയ ഒരു വാഗ്ദത്തിന്റെ അടയാളമാണ്. നമുക്കുവേണ്ടി ഒരു മകൻ ജനിക്കും എന്ന പ്രവചനത്തിന്റെ നിവൃത്തിയാണിത്.

**ക്രിസ്മസ്സ് ഫാദർ:-** കോമാളിത്വത്തിന്റെ അതിരുവിട്ട ആഹ്ലാദപ്രകടനങ്ങളെയും, പ്രതികൂല സാഹചര്യങ്ങളിൽ മറ്റുള്ളവർക്ക് നന്മ നൽകുകയും ചെയ്യുന്ന സന്മനസ്സിന്റെ പ്രതികവുമാണ്.

**സമ്മാനപ്പൊതി:-** ക്രിസ്തു എന്ന വില മതിക്കാനാത്ത അമൂല്യ സമ്മാനത്തെ സൂചിപ്പിക്കുന്നു.

**തിളങ്ങുന്ന മണി:-** ഇടയന്മാർ അവരവരുടെ ആടുകളെ കണ്ടെത്തുവാൻ അവയുടെ കഴുത്തിൽ മണികെട്ടും. അതുപോലെ കാണാതെപ്പോയ നമ്മെ കണ്ടെത്തുവാൻ വന്ന യേശുവിന്റെ അവതാരോദ്ദേശ്യത്തെ കാണിക്കുന്നു.

ഇപ്രകാരം ചിന്തിച്ചാൽ ക്രിസ്മസ്സ് ഒരു പുനർവിചിന്തനത്തിന്റെ, തിരിഞ്ഞുനോട്ടങ്ങളുടെ, പുനർക്രമീകരണത്തിന്റെ, നവീകരണത്തിന്റെ അതുല്യമായ അവസരമാണ്. അത് യാഥാർത്ഥ്യമായി തീർന്നത് നാമാകുന്ന പുൽക്കൂട്ടിൽ യേശു പിറക്കുമ്പോഴാണ്.

ഈ ക്രിസ്മസ്സും നമ്മുടെ വികലമായ കാഴ്ചകളെ ഏകീകരിച്ച് ക്രിസ്തുവിനോട് കൂടി ജ്വലിക്കുന്ന ജ്യോതിസുകളായി വിളങ്ങുവാൻ ഇടയാകട്ടെ. ഒരായിരം ക്രിസ്മസ്സ് നവവത്സര ആശംസകൾ.

കവിത

## ശാന്തി തേടി



**മനു**

ശാന്തി തേടി ഞാൻ അലഞ്ഞു
സ്നേഹമില്ലാത്തൊരീ ഭൂവിൽ
മരുഭൂമിയിൽ മരുപ്പച്ച തേടുന്ന പോൽ
ജീവിത വഴികളിൽ
തേടി നടന്നു ഞാൻ
കൺകോണിൽ കാണാത്ത
അധിക സുന്ദര
നിത്യമാം ശാന്തിയെ
ഒരിറ്റു ശാന്തി മാത്രം കൊതിച്ചു

ഞാൻ ഹൃത്തിൽ
ഉരുകി എൻ ഉള്ളം
തളർന്നു എൻ കാൽകൾ
കപടമാം ഈ ലോകസുഖം
വെടിഞ്ഞു ഞാൻ അല്പാല്പമായി
ഓർത്തു ഞാൻ ഈശനെ
അരുളി താതൻ ശാന്തിമാർഗ്ഗം
ഹാ എത്ര ശാന്തി
ഈശനിൽ എത്ര ശാന്തി

കാകാരിൽ പെയിന്റ്സ് & ഹാർഡ്‌വെയേഴ്സ്
മറ്റക്കര റോഡ്, അയർക്കുന്നം

KAKARIL CONSTRUCTIONS
AYARKKUNNAM
PH: 2541362, 94475 07198

# സാമ്പത്തിക മാന്ദ്യം: ചില മുൻ കരുതലുകൾ

**ചെറിയാൻ വർഗീസ്**



**ലോകത്തെമ്പാടും** ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് സാമ്പത്തിക മാന്ദ്യം. എന്താണ് സാമ്പത്തികമാന്ദ്യം? എന്തുകൊണ്ട് സംഭവിച്ചു?

വിപണിയിലെ പണത്തിന്റെ ദൗർലഭ്യമാണ് സാമ്പത്തിക മാന്ദ്യത്തിന്റെ തെളിവ്. ഇത് സംഭവിക്കുന്നത് പല കാരണങ്ങൾ കൊണ്ടാണ്. അമേരിക്കയിൽ കഴിഞ്ഞ ചില വർഷങ്ങളായി നടന്നുവന്ന സമ്പത്തിക അച്ചടക്കമില്ലായ്കയാണ് ഇന്നത്തെ പ്രതിസന്ധികൾക്ക് കാരണം.

**(1) ഭവന വായ്പകളും അനുബന്ധ സെക്യൂരിറ്റികളും**

അമേരിക്കയിൽ കുറഞ്ഞ പലിശയ്ക്ക് ഭവനവായ്പ ലഭിച്ചപ്പോൾ, അത് ആവേശത്തോടെ ആളുകൾ വാങ്ങിക്കൂട്ടി. ഭവനവായ്പയുടെ വൻ തുകകൾ ബാങ്കുകളിൽ പണത്തിന്റെ ഒഴുക്കു തടഞ്ഞപ്പോൾ അവയിൽ നിന്നും രക്ഷനേടാൻ അത്തരം വായ്പകളെ M B S (Mertscpc Backed Securities) എന്ന നിലയിൽ പല സാമ്പത്തിക സ്ഥാപനങ്ങളും വാങ്ങി, പൊതുവിൽ വിറ്റഴിച്ചു. MBS ന്റെ വിലയിലുണ്ടായ വർദ്ധനവും ഭവന നിർമ്മാണ രംഗത്തെ കുതിപ്പും ഏറെ ആളുകളെ ഇതിലേയ്ക്ക് ആകർഷിച്ചു. പൊടുന്നനെ പലിശയിലെ വ്യതിയാനം തിരിച്ചടവിൽ പ്രതിഫലിച്ചു, സെക്യൂരിറ്റീസിന്റെ വില തകർന്നു. ആളുകൾ നേട്ടോട്ടമോടി. ഭവനവായ്പകൾ തകർന്നടിഞ്ഞു.

**(2) പേഴ്സണൽ വായ്പകൾ**

മോടി പിടിപ്പിക്കുവാനും, ആഡംബരത്തിനുമായി ആളുകൾക്ക് ബാങ്കുകൾ വൻതോതിൽ വായ്പ നൽകി. ഭവനവായ്പയിലെ തകർച്ച ഈ മേഖലയിലും തിരിച്ചടവിന് തടസ്സമായി.

**(3) ക്രെഡിറ്റ് കാർഡുകൾ**

30 കോടി അമേരിക്കക്കാർക്ക് 200 കോടി ക്രെഡിറ്റ് കാർഡാണ് ഉള്ളത്. വാങ്ങുക, പിന്നീട് സാവകാശം ആ തുക തിരിച്ചടയ്ക്കുക (Buy & Repay) ഇത് അച്ചടക്കമില്ലാത്ത സാമ്പത്തിക ക്രമത്തിന് വഴിവച്ചു. ഒരു കടം വീട്ടുവാൻ വേറെ കടം എടുത്ത് കടക്കെണിയിലായ വ്യക്തികളുടെ എണ്ണം പെരുകി.

**1. ഇൻഡ്യയുടെ ഭാവി എന്ത്?**

ഇന്ത്യ സാമ്പത്തിക മുന്നേറ്റത്തിലാണ്. 2025 വരെയുള്ള സാമ്പത്തിക പ്രവചനത്തിൽ ചൈനയും, അമേരിക്കയും മുന്നേറുമെന്ന് പറഞ്ഞിരിക്കുന്നു. ഇന്ത്യയിലെ നിക്ഷേപങ്ങൾ സുരക്ഷിതമാണ്. RBI, IRDA എന്നീ സ്ഥാപനങ്ങൾ ബാങ്കിംഗ് ഇൻഷ്വറൻസ് മേഖലയിൽ ചെലുത്തുന്ന നിയന്ത്രണം, രാജ്യ പുരോഗതിക്ക് ആക്കം കൂട്ടുന്നു.

(2) ഇന്ത്യക്കാരുടെ സമ്പാദ്യ ശീലം ഏറെ പ്രശംസനീയമാണ്. ശരാശരി വരുമാനത്തിന്റെ 35 % സാമ്പാദ്യമായി നമ്മൾ മാറ്റുന്നു. (Save & Buy). ഇത് ശക്തമായ സാമ്പത്തികക്രമത്തിന്റെ ചൂണ്ടുപലകയാണ്.

(3) ഇന്ത്യയുടെ കയറ്റുമതി മറ്റു വികസിത രാജ്യങ്ങളെ അപേക്ഷിച്ച് തുലോം കുറവാണ്. ആയതിനാൽ വിദേശങ്ങളിലെ മാന്ദ്യം നമുക്ക് കൂടുതൽ അനുഭവപ്പെടുകയില്ല.

(4) ഇന്ത്യാക്കാരായ തൊഴിലാളികൾ ലോകത്തെമ്പാടും ജോലിചെയ്ത് നാട്ടിലേക്ക് അയക്കുന്ന പണം നമ്മുടെ വിദേശ നിക്ഷേപ തുകയിൽ വലിയ വർദ്ധനവും നൽകുന്നു.

(5) അമേരിക്കയുടെ ആകെയുള്ള ജന സംഖ്യയേക്കാൾ ഏറെയാണ് ഇന്ത്യയിലെ അഭ്യസ്തവിദ്യരായ യുവാക്കളുടെ എണ്ണം. അത് ലോകത്തെ ഏറ്റവും വലിയ ശക്തിയായി നമ്മെ മാറ്റുന്നു

**ആയതിനാൽ നാം എന്തു ചെയ്യണം?**

* വരവറിഞ്ഞു ചിലവഴിക്കുക.

* സമ്പാദ്യത്തിന് ഊന്നൽകൊടുക്കുക.

* വ്യത്യസ്ത മേഖലകളിൽ പണം നിക്ഷേപിക്കുക (ഉദാ. സ്വർണ്ണം, വസ്തു, ഷെയർ, മ്യൂച്ചൽ ഫണ്ട്, ബാങ്ക് ഡിപ്പോസിറ്റ്).

* ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗം കുറക്കുക.

* സ്ഥാപനങ്ങളിലെ വരവു ചിലവു കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുക. പഴുതുകൾ അടയ്ക്കുക.

* നിക്ഷേപത്തിന്റെ ആനുപാതികമായ ലാഭം / വരുമാനം ബിസ്സിനസ്സിൽ നിന്നും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക (Costing).

* ലാഭകരമല്ലാത്ത പ്രവർത്തനങ്ങൾ, പദ്ധതികൾ / ജോലികൾ നിർത്തുക.

* നമ്മെക്കാൾ കഴിവുകൂടിയ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തുക.

* പുതിയ പുസ്തകങ്ങൾ, ചർച്ചകൾ പരിശീലനപരിപാടികൾ എന്നിവയിലൂടെ അറിവു നേടുക.

* പഠനയാത്രകൾ നടത്തുക, ലോകത്തിന്റെ ഗതിയും രീതികളും പഠിക്കുക.

* കടം കൊടുക്കുന്ന ബിസ്സിനസ്സ് കുറയ്ക്കുക, രൊക്കം പണത്തിന് ബിസ്സിനസ്സ് ചെയ്യുന്ന ശീലം വളർത്തുക.

* ഓരോ മാസവും വളർച്ചയുടെ പട്ടിക തയ്യാറാക്കി പഠിക്കുക.

* മറ്റുള്ളവരുമായി താരതമ്യം ചെയ്ത് ജീവിതത്തെ നരകമാക്കാതിരിക്കുക.

* ജീവിതത്തിന്റെ നന്മകളെ കാണുക, ചിന്തിക്കുക, സന്തോഷിക്കുക.

*(ചെറിയാൻ വർഗീസ്: മാനേജ്മെന്റ് പരിശീലകൻ, സഭാ മാനേജിംഗ് കമ്മറ്റി അംഗം)*

മെഡിവിഷൻ

# രോഗം സുഖപ്പെടുത്തുന്നത് ആര്?

**എം. കുര്യൻ (പ്രകൃതി ജീവന സമിതി സെക്രട്ടറി)**

രോഗം ഉണ്ടായിതുടങ്ങിയ കാലം മുതൽ തന്നെ മനുഷ്യർ ഈ ചോദ്യത്തിനുള്ള ഉത്തരം തേടിക്കൊണ്ടയിരുന്നു. ഈ അന്വഷണത്തിന്റെ ഫലമായിട്ടാണ് വിവിധ ചികിത്സാ സമ്പ്രദായങ്ങൾ ഉണ്ടായിട്ടുള്ളത്. ഇന്നു പുതിയ ചികിത്സാ സമ്പ്രദായങ്ങൾ ഉണ്ടാവുകയും പ്രചരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിനർത്ഥം ശരിയായ ഉത്തരം ഇന്നും കണ്ടു പിടിച്ചിട്ടില്ലാന്നാണ് രോഗസൗഖ്യമെന്ന സമസ്യപോലെ തന്നെ രോഗകാരണവും മനുഷ്യന്റെ മുന്നിൽ ഇന്നും ഒരു കീറാമുട്ടി തന്നെയാണ്. ഈ ഒരു വിഷയത്തിൽ ഭൂതപ്രേതപിശാചുക്കൾ രോഗം ഉണ്ടാക്കുന്നു എന്ന് വിശ്വസിച്ചിരുന്ന പ്രാചീന മനുഷ്യന്റെ മാനസികതലത്തിൽ തന്നെയാണ് ഈ യുഗത്തിലെ മനുഷ്യനും. പ്രാചീനൻ മനുഷ്യനായപ്പോൾ രോഗം ദൈവകോപം കൊണ്ടാണെന്നായി. രോഗമുക്തിക്കുവേണ്ടി ദേവീദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയുള്ള അനുഷ്ഠാനങ്ങൾ ജനപദങ്ങളിൽ ഉണ്ടായത് അങ്ങനെയാണ്. പൂജാരിക്കും പുരോഹിതനും രോഗമുക്തി നൽകുവാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരു വൻഭൂരിപക്ഷം ഈ ശാസ്ത്രയുഗത്തിലും ഉണ്ട്. ഇന്ന് മനുഷ്യൻ എന്നെത്തേക്കാളും ശാസ്ത്രബോധം ഉള്ളവനാണ് എന്ന് അഭിമാനിക്കുന്നു. കാര്യകാരണ സിദ്ധാന്തമാണ് ആ ശാസ്ത്രീയതയുടെ അടിസ്ഥാനം. ചികിത്സാ ശാസ്ത്രത്തിലെ വൈവിധ്യം, രോഗകാരണം ഏത് എന്ന വിഷയത്തിലെ വൈരുദ്ധ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. അലോപ്പതി മുതൽ ഏറ്റവും ആധുനികമായ ജീൻ തെറാപ്പി വരെയുള്ള സങ്കേതങ്ങളെ പഠനവിധേയമാക്കിയാൽ ഈ അന്തരം കാണാൻ സാധിക്കും. ശാസ്ത്രീയത അവകാശപ്പെടാവുന്ന ഏറ്റവും പഴക്കമുള്ള ആയൂർവ്വേദത്തിൽ രോഗകാരണം വാത, പിത്ത, കഫങ്ങളുടെ സമ്മനതയിൽ ഉണ്ടാകുന്ന എറ്റക്കുറച്ചിലുകളാണ്. ശാസ്ത്രത്തിന്റെ സന്തതിയാണ് സങ്കേതികത്വം. സാങ്കേതികത ശാസ്ത്രത്തിന് തിരികെ കൊടുത്ത നേട്ടങ്ങൾ എണ്ണമറ്റതാണ്. രോഗാണു സിദ്ധാന്തം. പിശാചുക്കളുടെയും ദൈവകോപത്തിന്റെയും സ്ഥാനത്ത് അണുക്കളെ പ്രതിഷ്ടിക്കുക വഴി അലോപ്പതി സമ്പ്രദായത്തിന് ശാസ്ത്രീയതയുടെ പരിവേഷം പെട്ടെന്നുണ്ടായി. എന്നാൽ രോഗത്തിന് കാരണം ഓരോ സമ്പ്രായത്തിലും വ്യത്യസ്തമായിരിക്കുന്നതുപോലെ രോഗസൗഖ്യത്തിനുള്ള സങ്കേതങ്ങളും വ്യത്യസ്തമായിരിക്കും. എന്നാൽ ഇന്നത്തെ സാധാരണ മനുഷ്യർ ഈ ചോദ്യം ചോദിച്ചാൽ കിട്ടുന്ന ഉത്തരം ഏതാണ്ട് ഒന്നു തന്നെ ആയിരിക്കും വൈദ്യനു മരുന്നുംക്കുടി രോഗസൗഖ്യം നൽകുമെന്നും തന്നെ ആയിരിക്കും ഉത്തരം. കാര്യകാരണവിഷയത്തിൽ ചികിത്സാശാസ്ത്രങ്ങൾ തമ്മിൽ വ്യക്തമായ അന്തരം ഉണ്ടെങ്കിലും രോഗസൗഖ്യത്തത്തിന്ചികിത്സകനും ദൗഷധവും ഒഴിച്ചുകുട്ടാൻ പറ്റാത്തവയാണെന്ന് എല്ലാ ശാസ്ത്രങ്ങളും അവകാശപ്പെടുന്നു.

രോഗകാരണത്തിന്റെയും രോഗമുക്തിയുടെയും കാര്യത്തിൽ തികച്ചും വ്യത്യസ്തമായ സമീപനമാണ് പ്രക്രതിജീവനം പഠിപ്പിക്കുന്നത് നിലവിലുള്ള ഏത് ചികിത്സാ സമ്പ്രദായത്തേക്കാളും ശാസ്ത്രീയത പ്രകൃതിജീവനത്തിന് അവകാശപ്പെടാമെങ്കിലും രോഗസൗഖ്യത്തിന് ഒരു ശാസ്ത്രത്തിന്റെയും സഹായം ആവശ്യമില്ലെന്നതാണ് സത്യം. വർമ്മാജിയുടെ ഗുരുനാഥൻ ആചാര്യൻ സ്വാമിനാഥൻജി എപ്പോഴും ഓർമ്മപ്പെടുത്തുന്ന ഒരു വാക്യം, 'ഹീലിംഗ് ഈസ് നേച്ചേഴ്സ് പ്രിറോഗേറ്റീവ്" എന്നാണ്. സുഖപ്പെടുത്തൽ പ്രകൃതിയുടെ വിശേഷാധികാരം മാത്രം. പ്രകൃതി ചികിത്സകർ പോലും ഈ ആശയം പൂർണ്ണമായി ഉൾക്കൊള്ളുന്നുണ്ടോയെന്ന് സംശയമാണ്. ഈ പ്രസ്താവം തികച്ചും സത്യവും ശാസ്ത്രീയവുമാണെങ്കിലും അനുഭവം കൊണ്ടു മാത്രമാണ് ഇതിന്റെ വിശ്വാസ്യത തെളിയിക്കപ്പെടുക. രോഗകാരണം ഒന്ന്, രോഗം ഒന്ന്, ചികിത്സകനും ഔഷധവും ഒന്ന് എന്ന് പ്രക്രതിജീവനതത്വം വിശകലന വിധേയമാവുമ്പോഴാണ് ഇതിന്റെ ശാസ്ത്രിയതയും സൂഷ്മതയും വ്യക്തമാകുന്നത്. ചികിത്സകനും ദൗഷധത്തിനും രോഗമുക്തിയുടെ കാര്യത്തിൽ ഒരു പങ്കുമില്ലെങ്കിൽ പിന്നെ ഒരു തരത്തിലുമുള്ള അവകാശ വാദമോ കൃത്രൃമം കാട്ടലോ ഉണ്ടാകുന്നില്ലാ മറിച്ച് ഈ തിരിച്ചറിവ് വ്യക്തിയയെ ഒരു പ്രത്യേക ആത്മീകതലത്തിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ചികിത്സകനും ഔഷധവും മെഷീനും ഒന്നും തന്നെ ആ ശക്തിയുടെ മുന്നിൽ ഒന്നുമല്ലായെന്നുള്ള തിരിച്ചറിവാണ് ഉണ്ടാകുന്നത്. അവനവനിൽ തന്നെ കുടികൊള്ളുന്ന ആ ശക്തിവിശേഷത്തെ അറിയുമ്പോഴാണ് നമ്മുടെ ചോദ്യത്തിനുള്ള ഉത്തരം ലഭിക്കുന്നത്. സുഖപ്പെടുത്തുവാൻ ചികിത്സകനു പോലും ശക്തി നൽകിയിട്ടില്ല. അനുകൂലമായ പരിസ്ഥിതിയിൽ പ്രകൃതിതന്നെയാണ് രോഗസൗഖ്യം നൽകുന്നത്.

# പള്ളി ശതാബ്ദിയും നിർമ്മാണ പ്രവർത്തനങ്ങളും

**കുറിയാക്കോസ് കെ. ഏബ്രഹാം**

(കൺവീനർ, ശതാബ്ദി എക്സിക്യൂട്ടീവ് കമ്മറ്റി)

ശതാബ്ദിയെ വരവേൽക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ഭംഗിയായി തുടരുന്നു. ഇടവക ജനങ്ങളുടെ ചിരകാല സ്വപ്നമായ താഴേക്കുള്ള വഴിയുടെ പകുതി ഭാഗം കോൺക്രീറ്റ് ചെയ്യുവാൻ സാധിച്ചു എന്നുള്ളത് എടുത്തുപറയേണ്ടതാണ്. പുനർ നിർമ്മിക്കുന്ന കുരിശിൻ തൊട്ടിയുടെ പണികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ജനുവരിയിൽ പള്ളിയുടെ വാർഷിക പെരുന്നാളിനോടനുബന്ധിച്ച് ആയതിന്റെ കൂദാശ നിർവ്വഹിക്കുവാൻ പരി: ദൈവമാതാവ് സംഗതിയാക്കുമെന്ന് ആത്മാർത്ഥമായി പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. മനോഹരമായ ഒരു കൊടിമരം നമ്മുടെ മനസ്സിൽ ഉണ്ടായിരുന്നു എങ്കിലും ആയത് ഇത്രയും വേഗം സാധ്യമാകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല എന്നു തന്നെ പറയാം. എന്നാൽ ദൈവത്തിന്റെ അളവറ്റ കൃപയാൽ ഈ വർഷം തന്നെ അത് നിർമ്മിക്കുവാൻ സാധിക്കുമെന്നതിൽ അതിയായി സന്തോഷിക്കുന്നു. ആയത് സ്പോൺസർ ചെയ്യുന്ന കുടുംബാംഗങ്ങളെ ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എല്ലാ പ്രവർത്തനങ്ങളിലും ഇടവക ജനങ്ങൾ കാണിക്കുന്ന താത്പര്യവും, സഹായ സഹകരണങ്ങളും നന്ദിയോടെ സ്മരിക്കുന്നു. ഒപ്പം വരുംകാലങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുവാൻ ദൈവമാതാവിൽ ശരണപ്പെടുകയും ചെയ്യുന്നു.





നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ദൃശ്യങ്ങൾ...



കുരിശുപള്ളിയുടെ കല്ലിടീൽ ചടങ്ങ്

# പുകവലി തനിയ്ക്കും നാടിനും ആപത്ത്



ജേക്കബ് ജോബ് (ഡപ്യൂട്ടി പോലീസ് സൂപ്രണ്ട്, നാർകോട്ടിക് സെൽ, കോട്ടയം)

പുകവലിയുടെ ദൂഷ്യങ്ങളെക്കുറിച്ച് ചർച്ചകൾ ഏറെ നടക്കുമ്പോഴും പുകവലിക്കാർ ഇതൊന്നും ഗൗനിയ്ക്കാതെ വലിച്ചുതള്ളുന്ന പുക പടലങ്ങൾക്കിടയിൽ കിടന്നു നട്ടം തിരിയുന്നത് നിരപരാധികളും കൂടിയാണ് എന്നുള്ളതാണ് ഈ സാമൂഹിക വിപത്തിനെ ഏറെ ഗൗരവുള്ളതാകുന്നത്. ഒരുവൻ വലിച്ചു തള്ളുന്ന പുക തനിയ്ക്ക് സുഖദായകമായി തോന്നുമെങ്കിലും, തനിയ്ക്കും ചുറ്റുമുള്ള നിരപരാധികൾക്കും നിരന്തരമായി ചെയ്യുന്ന ദ്രോഹത്തെക്കുറിച്ച് ആരും തന്നെ ചിന്തിയ്ക്കാറില്ല. പക്ഷെ നിരന്തരമായ പുകവലി മൂലം നാശമായ ശ്വാസകോശവും, രക്തക്കുഴലുകളും സർവ്വോപരി പൊതുവായ ശാരീരികാരോഗ്യവും തകരാറിലായതിനുശേഷം മാത്രം ദോഷങ്ങളെക്കുറിച്ച് ചിന്തിച്ചു തുടങ്ങുമ്പോഴാണ് താൻ ഏറെ വൈകിപ്പോയി എന്നവൻ അറിയുന്നതു തന്നെ. അപ്പോഴേയ്ക്കും തനിയ്ക്കും ചുറ്റുപാടുമുള്ളവർക്കും അപരിഹാര്യമായ ദോഷം വരുത്തിവെച്ചിട്ടുമുണ്ടായിരിക്കും. പിന്നെ പരിതപിച്ചിട്ടു ഫലമില്ലന്നും കാണാം.

മദ്യത്തെപ്പോലെ തന്നെ പുകയിലയും ലഹരി പകർന്നു നൽകുന്നതാണെന്ന് തിരിച്ചറിഞ്ഞനാൾ മുതൽ മനുഷ്യരിൽ പലരും അതിനടിമകളായ്ത്തുടങ്ങി. പുകയില കൃഷി തന്നെ ഉത്തരേന്ത്യൻ ജനതയിൽ നല്ലൊരു ഭാഗം കർഷകരുടെ മുഖ്യവരുമാനവും, അനുബന്ധവ്യവസായങ്ങൾ, പ്രമുഖരുടെ സാമ്പത്തിക സ്രോതസ്സുമായപ്പോൾ പുകയില ഉപയോഗിയ്ക്കുന്നവരുടെ എണ്ണം ഇൻഡ്യയിൽ ക്രമാതീതമായി വർദ്ധിച്ചു. പുകയില നിരോധനത്തെക്കുറിച്ച് ചിന്തിച്ചവരുടെയൊക്കെ വായടപ്പിക്കുവാൻ മാത്രം സ്വാധീന ശക്തിയുള്ളവരായി പുകയില കൃഷിക്കാരും, വ്യവസായികളും വളർന്നു കഴിഞ്ഞതിനാലാണ് ഇൻഡ്യയിലെ നിയമ നിർമ്മാതാക്കൾ ഇക്കാര്യത്തിൽ മനഃപൂർവ്വം മൗനം പാലിച്ചിരിക്കുന്നതും.

**പുകവലിയുടെ ദൂഷ്യഫലങ്ങൾ**

മറ്റേതു ലഹരിയേയുംപോലെ മനുഷ്യമസ്തിഷ്ക്കത്തെ ഉത്തേജിപ്പിയ്ക്കുന്നതും അതിനവനെ അടിമയാക്കി മാറ്റുന്നതുമാണ് പുകയില. ബീഡി, സിഗരറ്റ്, പാൻ തുടങ്ങിയ ഏതു രൂപത്തിലായാലും പുകയില രക്തത്തിൽ കലരുമ്പോൾ ചെറുലഹരി പ്രദാനം ചെയ്യുന്നതായി തോന്നുകയും തുടർന്ന് ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതായി കാണാം. നിക്കോട്ടിൻ, കാർബൺമോണോക്സൈഡ്, ടാർ തുടങ്ങി നാലായിരത്തോളം മാരകരാസവസ്തുക്കളും പുകവലിയിലൂടെ മനുഷ്യശരീരത്തിലെത്തുന്നു. നിക്കോട്ടിനും, ടാറും മറ്റും ശ്വാസകോശ ഭിത്തികളിലും രക്തക്കുഴലുകളിൽ പാടപോലെ പറ്റിപ്പിടിയ്ക്കുകയും കാർബൺമോണോക്സൈഡ് എന്ന വിഷവാതകം ഓക്സിഡേഷനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നാം കഴിയ്ക്കുന്ന ഭക്ഷണം ദഹനപ്രക്രിയയ്ക്കു ശേഷം ശ്വാസകോശത്തിൽ നിന്നും ആവശ്യത്തിന് ഓക്സിജൻ സ്വീകരിച്ച് രക്തക്കുഴലുകളിലൂടെയാണ് ശരീരമാസകലം എത്തിച്ചേരുന്നത്. എന്നാൽ പുകവലിക്കാരന്റെ ശ്വാസകോശങ്ങളിലെ ഓക്സിജന്റെ അഭാവവും, കാർബൺമോണോക്സൈഡിന്റെ ആധിക്യവും രക്തക്കുഴലിനെ വിഷലിപ്തമാക്കുന്നു. അങ്ങനെ വരുമ്പോൾ ശ്വാസകോശത്തിന് മാത്രമല്ല മറിച്ച്, അതി സൂക്ഷ്മരക്ത കുഴലുകൾ വ്യാപിച്ചുകിടക്കുന്ന മനുഷ്യശരീരമാകെത്തന്നെ, സർവ്വ അവയവങ്ങളുമുൾപ്പെടെ പുകവലിമൂലം ദൂഷിക്കപ്പെടുകയും കാലക്രമേണ പാടപോലെ പറ്റിപ്പിടിയ്ക്കുന്ന നിക്കോട്ടിനും, ടാറും മറ്റും അതിസൂക്ഷ്മ രക്തക്കുഴലുകളെ അടച്ചുകളയുകയും മറ്റു രക്തക്കുഴലുകളുടെ വ്യാസം കുറയ്ക്കുകയും ഹൃദയവും തലച്ചോറുമുൾപ്പെടെയുള്ള അവയവങ്ങളുടെ സുഗമമായ രക്തചംക്രമണത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. മഹാധമനികൾ മുതൽ അതി സൂക്ഷ്മധമനികളുടെ ഉൾവശത്ത് പറ്റിപ്പിടിക്കുന്ന മേൽപറഞ്ഞ വസ്തുക്കൾ രക്തത്തിലെ കൊഴുപ്പുമായി (bad cholestrol) ചേർന്ന് ധമനീഭിത്തികളെ കട്ടിയുള്ളതാക്കി മാറ്റുകയും തടസ്സങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ശ്വാസകോശം ചർമ്മമുൾപ്പെടെ രക്തക്കുഴലുകൾ ചെന്നെത്തുന്ന എല്ലാ അവയവങ്ങളും പുകവലിമൂലമുള്ള ദൂഷ്യങ്ങൾക്കിരയാകുന്നു. പലരിലും കൈകളിലെയും, പാദങ്ങളിലെയും വിരലുകൾ ഉൾപ്പെടെയുള്ള ഭാഗങ്ങൾ രക്തചംക്രമണം നശിച്ച് മരവിച്ചുപോകുകയും കാലക്രമേണ മുറിച്ചുമാറ്റാൻ ഇടവരുകയും ചെയ്യുന്നു.

തുടർച്ചയായി കത്തിക്കൊണ്ടിരിയ്ക്കുന്ന പുകയിലയുൽപ്പന്നങ്ങൾ ചുണ്ടുകളെയും, കണ്ഠനാളം, ആമാശയം എന്നിവയേയും ദുഷിപ്പിയ്ക്കുകയും ചുണ്ടുകൾ പൊള്ളി വികൃതമാവുന്നതിനും നിരന്തരമായ പുകയേറ്റ് കണ്ഠനാളം, സൈനസ്സുകൾ, ആമാശയം എന്നിവയിൽ നിന്നും ദുർഗന്ധമുണ്ടാക്കി മറ്റുള്ളവർക്ക് അസ്വാരസ്യമുണ്ടാക്കുകയും ചെയ്യുന്നു.

സ്നിഗ്ദ്ധത നഷ്ടപ്പെട്ട ചർമ്മവും രക്തക്കുഴലുകളും അകാലവാർദ്ധ്യക്യവും, വൈരൂപ്യവും വിളിച്ചുവരുത്തുകയും ആന്തരികാവയവങ്ങൾ അകാലത്തിൽ നശിയ്ക്കുകയും ചെയ്യുന്നു.

പുകവലിക്കാരന്റെ ശ്വാസകോശം ദുർബലമായി ശ്വാസമെടുക്കുവാൻ ബദ്ധപ്പെടുന്ന അവസ്ഥ ക്രോണിക് ബ്രോങ്കൈറ്റിസിലേയ്ക്ക് നയിക്കുന്നു. അതിനേക്കാൾ ഭീകരമാണ് ശ്വാസകോശത്തെ ബാധിയ്ക്കുന്ന ക്യാൻസർ. നിരന്തരമായ ചുമ പുകവലിക്കാരന്റെ "മാസ്റ്റർപീസാണ്." *കള്ളന്മാരെ വീട്ടിൽനിന്നകറ്റാൻ പുകവലിക്കാരനാവും* എന്ന സരസമായ ചൊല്ല് കഠിനമായ ചുമ മൂലം വീട്ടിലുള്ളവരെയും അയൽവാസികളുടെയും ഉറക്കം കെടുത്തുന്നു എന്നതിൽ നിന്നും ഉരുത്തിരിഞ്ഞിരിക്കുന്നതാണ്.

ഇപ്രകാരം സ്വയം നാശത്തിലേയ്ക്കു പതിയ്ക്കുന്ന പുകവലിക്കാർ തന്നെകൂടാതെ തന്റെ ചുറ്റും വിഹരിക്കുന്ന കുട്ടികളുൾപ്പെടെയുള്ള കുടുംബാംഗങ്ങൾ, സഹപ്രവർത്തകർ, അയൽവാസികൾ തുടങ്ങി തന്നോടടുത്തു പ്രവർത്തിയ്ക്കുന്ന എല്ലാവരെയും Passive Smokers ആക്കി മാറ്റുകയാണ് ചെയ്യുന്നത്. മനസ്സറിയാതെ ഇവരും പുകവലിയുടെ ദൂഷ്യവശങ്ങൾക്കിരയാകുന്നു അപ്രകാരം പുകവലിക്കാർ തനിയ്ക്കും സമൂഹത്തിനും ചെയ്യുന്ന വിപത്തുകൾ ചില്ലറയല്ല.

ഇവിടെ ഒരു വ്യക്തി ചെയ്യുന്ന ഒരു ദ്രോഹം ചുറ്റുമുള്ള സമൂഹത്തെ ദോഷകരമായി ബാധിക്കും എന്നതിനാലാണ് മറ്റുള്ള ലഹരിയുപയോഗങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു മാനം പുകവലിയിൽ കാണുന്നത്.

കേന്ദ്ര ഗവൺമെന്റ് പുകയില ഉൽപന്നങ്ങളുടെ വ്യാപാരത്തിനും പരസ്യത്തിനും മറ്റും ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ കൂടാതെ സമീപകാലത്ത് നടത്തിയ നിയമനിർമ്മാണം പൊതുസ്ഥലത്തെ പുകവലി നിരോധിച്ചിട്ടുണ്ട്. "Prohibition of Smoking in Public Places Rules, 2008" എന്ന നിയമം പൊതുസ്ഥലത്ത് പുകവലിയ്ക്കുന്ന വരെ ശിക്ഷാർഹരാക്കുന്നു. ഇക്കഴിഞ്ഞ ഒക്ടോബർ 2 മുതൽ ഈ നിയമം പ്രാബല്യത്തിലുണ്ട്. ❑

## തീർത്ഥയാത്ര



നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 27-ാം തീയതി ഒരു തീർത്ഥയാത്ര ബഹു. അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി രാവിലെ ചാപ്പലിൽ നിന്ന് പുറപ്പെട്ട് ചേപ്പാട്, ശാസ്താംകോട്ട, വഴി മർതോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തിരുവാംകോട് അരപ്പള്ളിയും സന്ദർശിച്ച ആ യാത്രയിൽ 9-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച കല്ലട വലിയ പള്ളിയും സന്ദർശിച്ചു തുടർന്നു കന്യാകുമാരിയിൽ ചെന്ന് അസ്തമയവും, വിവേകാനന്ദ പാറയും സന്ദർശിച്ച് തിരികെ പോന്നു.

POWER - TEC
CONCRETE CUTTING WORKS
KOTTAYAM - 25
*We undertake safe & fast work in:*
Concrete cutting, Chipping, Drilling, Demolishing Roofs, Slabs, Columns, Beams, Machine Foundations, Pile cap, Strong rooms, Floor chipping (Cement, Mosaic, Tile, Marble etc) Chemical Steel Re-baring for Columns & Beams, Core cutting, Heavy Hooke Fixing etc.
Free from: Shake, Crack, Break, Leeks etc.
Thankachen Padinjaremanalel
Ph: 0481- 2544456, Mob: 9447184456



PROMPT
APPLIANCE SERVICES
OPP. MARIAN SCHOOL
VADAVATHOOR P. O.
KALATHILPADY
KOTTAYAM - 10
PH: 0481 6418822
Proprietor:
Saju Thomas
Mob: 94470 89688

സെന്റ് ഗ്രീഗോറിയോസ്
മൊബൈൽ മോർച്ചറി & ഹയറിംഗ് സർവ്വീസ്
തിരുവഞ്ചൂർ തൂത്തൂട്ടി കവലയ്ക്ക് സമീപമുള്ള ചെറുകുന്നേൽ ബിൽഡിംഗ്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആധുനിക രീതിയിലുള്ള മൊബൈൽ മോർച്ചറിയും ഹയറിംഗ് സർവ്വീസും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
ഫോൺ നമ്പർ: 0481 2541746, 0481 2546183
മൊബൈൽ: 9447858073
പ്രൊപ്രൈറ്റർ:
ജോമോൻ ചെറുകുന്നേൽ

# ദൈവം അയച്ച മനുഷ്യൻ




**ഫാ. റ്റി. ജെ. ജോഷ്വാ**

*"ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവന് യോഹന്നാൻ എന്ന് പേര്" (യോഹ. 1:6).* ഈ വാക്യത്തോട് രണ്ട് അക്ഷരങ്ങൾ ഞാൻ കൂട്ടിച്ചേർക്കുന്നു; *ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവന് പി. സി. യോഹന്നാൻ എന്നു പേര്.* യോഹന്നാൻ സ്ഥാപകനെപ്പറ്റിയാണ് നാലാം സുവിശേഷകൻ മേൽ ഉദ്ധരിച്ച വാക്യം പ്രസ്താവിച്ചത്. യേശു ക്രിസ്തുവിന്റെ മുന്നോടിയാകുവാനും, അവിടുത്തേയ്ക്ക് പാത ഒരുക്കുവാനും, ദൈവം അയച്ച വ്യക്തി ആയിരുന്നു സ്നാപക യോഹന്നാൻ. അതുപോലെ നമ്മുടെ തലമുറയിൽ ചില പ്രത്യേക കാര്യങ്ങൾ നിർവഹിക്കുവാൻ വേണ്ടി ദൈവം അയച്ച വ്യക്തി ആയിരുന്നു പി. സി. യോഹന്നാൻ. റമ്പാച്ചനെ മൂന്നു കാര്യങ്ങൾക്കായി ദൈവം നിയോഗിച്ചു എന്നാണ് ഞാൻ വിലയിരുത്തുന്നത്. അവ സ്തുത്യർഹമ്യംവണ്ണം നിറവേറ്റിക്കഴിഞ്ഞപ്പോഴാണ് ദൈവം തിരികെ വിളിച്ചത്.


**(1) സഭയുടെ ദൗത്യത്തെപ്പറ്റി ഒരു ദർശനം നൽകാൻ:**

സഭയെപ്പറ്റിയുള്ള നമ്മുടെ പ്രഥമവും പ്രധാനവുമായ ദർശനം ആരാധിക്കുന്ന ഒരു സമൂഹമെന്നാണ് "ഓർത്തഡോക്സ്" എന്ന വിശേഷണത്തിന്റെ ഒരർത്ഥം, ശരിയായി ആരാധിക്കുന്ന അഥവാ മഹത്വപ്പെടുത്തുന്ന എന്നാണ്. ആരാധനയ്ക്ക് ഒന്നാം സ്ഥാനം നൽകിക്കൊണ്ട്, അത് എത്രയും ഹൃദ്യവും ആകർഷകവുമാക്കാൻ നാം ശ്രദ്ധിക്കണം. അപ്രകാരം ചെയ്യേണ്ടതു തന്നെയാണ്. എന്നാൽ സഭയ്ക്ക് സേവനത്തിന്റെയും ശുശ്രൂഷയുടേതുമായ ഒരു ദൗത്യം കൂടിയുണ്ട്. ലോകത്തോടുള്ള അതിന്റെ കടമ സേവനത്തിന്റെ പദ്ധതികളിൽ കൂടിയാണു നിറവേറ്റേണ്ടത്. "മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകാനുമത്രേ." യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ സഭയുടെ സേവനരംഗത്ത് പ്രതിഫലിക്കണം.



**പ. പാമ്പാടി തിരുമേനിയും ഡീക്കൻ പി. സി. യോഹന്നാനും**

വന്ദ്യ റമ്പാച്ചൻ പള്ളിയുടെയും ദയറായുടെ ഭിത്തികൾക്കപ്പുറത്തേയ്ക്ക് പതിതരും, നിരാലംബരുമായവരുടെ അടുക്കലേക്ക് സഹായത്തിന്റെ കരങ്ങളുമായി എത്തുകയായിരുന്നു. സ്നേഹം വാക്കിൽ ഒതുക്കിനിറുത്താവുന്നതല്ലെന്നും, അതു പ്രവൃത്തിയിൽ വരുത്തേണ്ട ഒന്നാണെന്നും. തെളിയിച്ച വ്യക്തിയാണ് റമ്പാച്ചൻ. നിരാശ്രയത്വത്തിലേക്ക് വലിച്ചെറിയപ്പെട്ട വൃദ്ധജനങ്ങൾക്കും അനാഥത്വത്തിലേക്ക് ത്യജിക്കപ്പെട്ട ബാലന്മാർക്കും അഭയം നൽകുക മാത്രമല്ല, സമൂഹത്തിൽ തിരസ്കരിക്കപ്പെട്ടവരും വെറുക്കപ്പെട്ടവരുമായ എച്ച്. ഐ. വി ബാധിച്ചവരെയും, സംരക്ഷിക്കാനും, അവർക്ക് സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും മാധുര്യം പകർന്നു നൽകാനും ജാഗ്രതയോടെ പ്രവർത്തിച്ച മനുഷ്യ സ്നേഹിയായിരുന്നു അദ്ദേഹം. ഒരു ദിവസം പോലും അവരുമായി സ്നേഹം പങ്കിടാൻ കഴിയാതെ വന്നില്ല. ആത്മാർത്ഥതയും, അർപ്പണബോധവുമാണ് അദ്ദേഹത്തെ ഈ പ്രവർത്തനങ്ങളിൽ പ്രേരിപ്പിച്ചത്.



(2) ഗുരുവിനെ സമൂഹമധ്യേ ഉയർത്തിക്കാണിക്കാൻ ദൈവം അയച്ച വ്യക്തി ആയിരുന്നു: പാമ്പാടി തിരുമേനി തന്റെ പുണ്യജീവിതവുമായി പൊത്തൻപുറത്ത് ഒതുങ്ങികഴിഞ്ഞ ഒരു സിദ്ധനായിരുന്നു. അധികം യാത്രയില്ല; സന്ദർശനങ്ങളില്ല; പരിപാടികളില്ല, പ്രാർത്ഥനയിലും, ധ്യാനത്തിലും ജാഗരണത്തിലുമായി ദയറായുടെ അതിരുകൾക്കുള്ളിൽ ജീവിതം നയിച്ചു. തന്മൂലം കോട്ടയത്തിനു പുറത്തുള്ള ഭദ്രാസനങ്ങളിൽ അദ്ദേഹം അധികം അറിയപ്പെട്ടിരുന്നില്ല. കുന്നംകുളത്തുകാർക്ക് അദ്ദേഹം ആരാധ്യനായിതീർന്നത് അവിടെ പടർന്ന് പിടിച്ച പ്ലേഗിനെ ആത്മീയ ശക്തിയിൽക്കൂടി പ്രതിരോധിക്കുവാൻ കടന്നെത്തിയതുകൊണ്ടു മാത്രമാണ്.

തിരുമേനിയുടെ അരുമശിഷ്യനായ റമ്പാച്ചന് ഒരു ദൗത്യമുണ്ടായിരുന്നത് ഗുരുവിന്റെ മാഹാത്മ്യം സഭാമക്കൾക്ക് ബോധ്യമാക്കി കൊടുക്കുക എന്നതായിരുന്നു. അതിനുവേണ്ടി ഫലപ്രദമായ പല പരിപാടികളും അദ്ദേഹം ആവിഷ്കരിച്ചു. ഒന്നാമത് തിരുമേനിയുടെ ഓർമ്മപെരുന്നാൾ ഒരു വലിയ സംഭവമാക്കി മാറ്റുക എന്നതായിരുന്നു. പരുമലപ്പെരുന്നാൾ കഴിഞ്ഞാൽ സഭയിലെ ഏറ്റവും വലിയ ഒന്നായി പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഉയർത്തിക്കൊണ്ടുവരുവാൻ അദ്ദേഹത്തിനു സാധിച്ചു. തിരുമേനിയുടെ വ്യക്തിത്വം, പുണ്യജീവിതം, ആതുരസ്നേഹം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വരുത്തുവാൻ തക്കവണ്ണം തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ സെമിനാറുകളും, ചർച്ചാ സമ്മേളനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. എന്നു മാത്രമല്ല സുകുമാർ അഴീക്കോട്, ഡോക്ടർ സിറിയക്ക് തോമസ് തുടങ്ങിയ അതിപ്രശസ്തരായ വ്യക്തികളുടെ നേതൃത്വം അത്തരം സമ്മേളനങ്ങൾക്ക് കൈവരുത്തുകയും ചെയ്തു. ഇന്ന് പാമ്പാടി തിരുമേനിയെപ്പററി തെക്കും, വടക്കുമുള്ള നമ്മുടെ എല്ലാ ജനങ്ങൾക്കും മാത്രമല്ല ഇതര മതസ്ഥരുടെ ഇടയിലും ശരിയായ ഒരു ധാരണ ഉണ്ടായിട്ടുണ്ട്, വിനയാന്വിതനും, പ്രാർത്ഥനാനിരതനും, ഭക്തനുമായ ഒരാൾ നമ്മുടെ സമൂഹത്തെ ധന്യമാക്കുവാൻ തക്കവണ്ണം പാമ്പാടിയിൽ ജീവിച്ചിരുന്നു. എന്ന് അറിയുവാൻ തുടങ്ങിയത് റമ്പാച്ചന്റെ ആസൂത്രിതമായ പ്രവർത്തനത്താലാണ്. തിരുമേനിയുടെ ജീവചരിത്രം തന്നെ പല പതിപ്പുകളായി പ്രസിദ്ധപ്പെടുത്തുവാനുള്ള പ്രോത്സാഹനവും റമ്പാച്ചനാണ് നൽകിയിട്ടുള്ളത്. തിരുമേനിയുടെ സ്മരണയ്ക്കായി ഒരു കോളേജ് സ്ഥാപിച്ചതിൽക്കൂടി ആ കലാലയത്തിൽ പഠിച്ചു പോകുന്ന വിദ്യാർത്ഥി തലമുറകൾ എല്ലാം ഈ പിതാവിനെ അനുസ്മരിക്കുവാൻ സംഗതിയാകുന്നു.

(3) കാടുപിടിച്ചു കിടന്ന പൊത്തൻപുറം കുന്നിന്റെ മുഖഛായ മാറ്റാൻ ദൈവം അയച്ച മനുഷ്യൻ ആയിരുന്നു. നാല്പതുകളുടെ അന്ത്യത്തിലാണ് ഞാൻ ആദ്യമായി പാമ്പാടി ദയറായിൽ എത്തുന്നത്. പഴയ ദയറായും പഴയ പള്ളിയും മാത്രമേ അന്ന് ആ കുന്നിന്റെ നെറുകയിലുള്ളു. ചെന്നെത്താനുള്ള പാതയും, ദുഷ്കരമായിരുന്നു. പാമ്പാടിയിൽ നിന്നോ മീനടത്തു നിന്നോ പദയാത്ര മാത്രമാണ് അന്നു സാധ്യമായിരുന്നത്. ഇക്കഴിഞ്ഞ അൻപതു വർഷങ്ങൾക്കുള്ളിൽ പൊത്തൻപുറത്തു സംഭവിച്ച മാറ്റം ആരെയും അതിശയിപ്പിക്കുന്നതാണ്. വിദ്യാഭ്യാസരംഗമെടുക്കാം: നേഴ്സറി ക്ലാസ്സു തുടങ്ങി ബിരുദം വരെ പഠിക്കുവാനുള്ള സ്ഥാപനങ്ങൾ, അതും പ്രശസ്തമായ വിധത്തിൽ പ്രവർത്തിക്കുന്നവ, അവിടെ വ്യാപിച്ചു കിടക്കുന്നു. ആതുര സേവനരംഗത്താണെങ്കിൽ മൂന്നു വിശിഷ്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വൃദ്ധജനങ്ങൾക്കുള്ള അഭയഭവൻ, കുട്ടികൾക്കുള്ള ബാലഭവൻ, എച്ച്. ഐ. വി. ബാധിച്ചവർക്കു വേണ്ടിയുള്ള ആശാകിരൺ ഇവയെല്ലാം ആ കുന്നിൻ മുകളിലുണ്ട്. ഇവയുടെയെല്ലാം സൂത്രധാരൻ അഭിവന്ദ്യ റമ്പാച്ചൻ തന്നെ. ഇവയൊക്കെ ഏറ്റവും മികച്ച വിധത്തിൽ സാമ്പത്തിക പരാധീനതകൾ ഒന്നും കൂടാതെ പ്രവർത്തിക്കുന്നു. ഏറ്റവും അവസാനമായി അദ്ദേഹം നിർമ്മിച്ചത് മെത്രാപ്പോലീത്താമാർക്കു വന്നാൽ താമസിക്കുവാൻ ഉചിതമായ ഒരു മന്ദിരമാണ്. സംഘടനാപരമായ കാര്യങ്ങളിൽ സജീവമായി മുഴുകി കഴിയുമ്പോൾ തന്നെയാണ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഇത്രയേറെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞത്. പഴയ കൊച്ചു പള്ളിയുടെ സ്ഥാനത്ത് മനോഹരവും, ബൃഹത്തുമായ ഇന്നത്തെപള്ളി നിർമ്മിച്ചതും റമ്പാച്ചന്റെ നേട്ടമാണ്.

അങ്ങനെ പൊത്തൻപുറം കുന്നിലെ വൈവിധ്യമാർന്ന സ്ഥാപനങ്ങളുടെയെല്ലം മുഖ്യ ശില്പി എന്നു റമ്പാച്ചനെ വിശേഷിപ്പിക്കാം. പലരും വിദേശ രാജ്യങ്ങളിൽ ചുറ്റി നടന്നു വിപുലമായ തോതിൽ പിരിവുകൾ നടത്തിയാണ് സ്ഥാപനങ്ങൾ നിർമ്മിക്കുന്നത്. ഇക്കാര്യത്തിൽ പട്ടക്കാരെന്നോ, മേല്പട്ടക്കാരെന്നോ എന്നുള്ള വ്യത്യാസമില്ല. എല്ലാവരുടെയും പിരിവു രംഗം ഗൾഫ് രാജ്യങ്ങളും അമേരിക്കയുമാണ്. പക്ഷേ റമ്പാച്ചൻ അങ്ങനെ ഊരുചുറ്റിയുള്ള പിരുവുകൾക്കൊന്നും പോയിട്ടില്ല. എങ്കിലും എല്ലാ സ്ഥാപനങ്ങൾക്കുമായി കോടിക്കണക്കിനു രൂപാ പൊത്തൻപുറം കുന്നിലേക്ക് ഒഴുകിയെത്തി. സാമ്പത്തിക കാര്യങ്ങളിലുള്ള സത്യസന്ധതയും, ആർജ്ജവത്വവും ജനങ്ങൾക്ക് റമ്പാച്ചനിൽ വിശ്വാസമുളവാക്കുന്ന വിധത്തിലുണ്ടായിരുന്നു. പൊതുരംഗത്തു പ്രവർത്തിക്കുന്ന പലരും സ്വന്തക്കാരെയും പാർശ്വവർത്തികളെയും വഴിവിട്ടു സഹായിക്കുന്നവരാണ്, എന്നാൽ റമ്പാച്ചൻ അപ്രകാരം ഒന്നും ചെയ്തിട്ടില്ല. സ്വന്തം പേരിൽ സമ്പാദ്യങ്ങളോ ഒന്നും അദ്ദേഹം നേടിയിരുന്നില്ല. ദൈവത്തിന്റെ വിശ്വസ്തനായ ഒരു കാര്യവിചാരകനായിരുന്നു അദ്ദേഹം.

ഈ ശ്രേഷ്ഠ വ്യക്തിയെക്കുറിച്ച് ഏറെ കാര്യങ്ങൾ പ്രസ്താവിക്കുവാനുണ്ട് എങ്കിലും പ്രധാനപ്പെട്ട ചില വിഷയങ്ങളിലേക്കു വിരൽ ചൂണ്ടുക മാത്രമേ ഇവിടെ ചെയ്തിട്ടുള്ളു. അദ്ദേഹത്തിന്റെ അനുസ്മരണം ആരിലും സഭാസ്നേഹവും, സമൂഹത്തോടുള്ള പ്രതിബദ്ധതയും ഉണർത്താതിരിക്കയില്ല. ആ ധന്യാത്മാവിന് എന്റെ നമോവാകം. ❑

> സ്വല്പലാഭമോ മാനമോ ഇച്ഛിച്ച് സ്നേഹത്തെ വെടിയരുത്. അതു ഭോഷത്വമാകുന്നു. അവസാനം അതിൽ വ്യസനിപ്പാൻ ഇടവരും.
>
> – പ. പരുമല മാർ ഗ്രീഗോറിയോസ്


സ്നേഹസ്മരണയ്ക്ക്



പാവനസ്മരണയ്ക്ക്

മരണം 10-12-1998



റ്റി. എം. മാത്യു

വടക്കേക്കുഴിയാട്ടിൽ

By മക്കളും കൊച്ചുമക്കളും

ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ഒരു വിശ്വാസി

ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



ഒരു വിശ്വാസി

സ്നേഹസ്മരണയ്ക്ക്



പാവനസ്മരണയ്ക്ക്

മരണം: 12-12-84



ഇട്ടിയവിര അന്ത്രയോസ്

ചേരിയിൽ

By മക്കളും കൊച്ചുമക്കളും

## വാർത്തകൾ

# പരുമല പദയാത്രയും പെരുന്നാളും

കഴിഞ്ഞ 3 കൊല്ലമായി ഭക്തിയുടെ നിറവിൽ അഭിമാന പൂർവും നടത്തിവന്ന പരുമല പദയാത്ര ഇത്തവണയും വളരെ ഭംഗിയാക്കാൻ സാധിച്ചു. വികാരി തോമസ് ആൻഡ്രൂസ് അച്ചന്റെ നേതൃത്വത്തിൽ പ്രഭാതപ്രാർത്ഥനയോടെ ആരംഭിച്ച പദയാത്രയിൽ 200-ൽപരം വിശ്വാസികൾ സംബന്ധിച്ചു.

തൂത്തൂട്ടി മാർ ഗ്രീഗോറിയോസ് ചാപ്പലിൽ ആണ്ടുതോറും നടത്തിവരുന്ന പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഈ വർഷവും നവംബർ 7, 8 (വെള്ളി, ശനി) തീയതികളിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടി. ഫാ. തോമസ് ആൻഡ്രൂസ് എന്നിവർ നേതൃത്വം നൽകി.

# യുവജനവാരം

അമയന്നൂർ കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം ഓണവാരം വിവിധ പരിപാടികളോടെ സെപ്റ്റംബർ 7 മുതൽ 13 വരെയുള്ള തീയതികളിൽ ആചരിച്ചു.

സെപ്റ്റംബർ 7ന് റവ. ഫാ. റ്റി. എ. ജേക്കബ് തേക്കുങ്കൽ പതാക ഉയർത്തി വാരാഘോഷ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അന്നേ ദിവസം പ്രസ്ഥാനം പ്രവർത്തകർ അമയന്നൂർ ജ്യോതിർ ഭവൻ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളൊന്നിച്ച് ഓണസദ്യയിൽ പങ്കെടുക്കുകയും പുതപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു.

**മത്സര വിജയികൾ**

**ലിജിൻ മാത്യു മെമ്മോറിയൽ ഭദ്രാസനതല സംഗീത മത്സരം :-ഒന്നാം സമ്മാനം. ബിനീത സൂസൻ വർഗ്ഗീസ് (St Thomas Orthodox Church S. Pampady)**

**രണ്ടാം സമ്മാനം. സൂസൻ എം. കുര്യൻ (St Pauls Orthodox Church, Kolladu)**

വാലേൽ പിടികയിൽ ഇട്ടിയവിര മാത്യു ഷട്ടിൽ ടൂർണമെന്റ് (സിംഗിൾസ്)
I അനീഷ് പി. സ്കറിയ
II സിറിൾ മാത്യു.

വഷണത്തോട്ടത്തിൽ വി. എ. തോമസ് ഷട്ടിൽ ടൂർണമെന്റ് (ഡബിൾസ്)
I സുബിൻ & അനൂപ്
II റിനോദ് & സിറിൾ

വടക്കേകുഴികാട്ടിൽ മാത്തൻ മാത്യു മെമ്മോറിയൽ ക്വിസ് മത്സരം:-
I ബാലികാസമാജം
II വനിതസമാജം

അച്ചുക്കുട്ടി മെമ്മോറിയൽ ക്വിസ് മത്സരം:-
I എൽജോ എബ്രഹാം ജോജി
II ശിൽപ്പാ ആൻ വിൽസൻ

# കുടുംബ സെമിനാർ

നെടുമാവ്: സഫല ജീവിതത്തിന്റെ ദിവ്യപ്രകാശം എന്ന കുടുംബ സെമിനാർ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന കമ്മറ്റിയുടെയും വാഴൂർ ഡിസ്ട്രിക്റ്റ് കമ്മറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നവംബർ 23-ാം തീയതി ഞായറാഴ്ച 1 മണിക്ക് നെടുമാവ് സെന്റ് പോൾസ് പള്ളിയിൽ വച്ച് നടന്നു ഫാ. ഡോ. സാബു കുറിയാക്കോസ്, ഡോ. വറുഗീസ് പുന്നൂസ്, ഡോ. ഷെറിൻ വർഗീസ് എന്നിവർ നേതൃത്വം നൽകി.



St. Mary's Voice
Areepparampu
Service choir,
Wedding choir
Convention Program
LIJO PUTHENPURA
9846804725
BINOY PAINGOTTU
9846972774



**കുരിശിൻതൊട്ടികൾക്കു നേരെയുണ്ടായ ആക്രമണത്തിൽ വ്യാപക പ്രതിഷേധം**

**പ്രതിഷേധ സമ്മേളനം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു**

# നടയൻമാവുങ്കൽ ഇട്ടിയവിര & ഇട്ടിയവിര ചികിത്സാസഹായം

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടയൻമാവുങ്കൽ ഇട്ടിയവിര & ഇട്ടിയവിര (JR) സാധുജന സഹായനിധിയിൽ നിന്ന് അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുന്നു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയതി 2008 ഡിസം. 14. **വിശദവിവരങ്ങൾക്ക് 9447464143, 9744253966**

# ഗ്രൂപ്പ് മീറ്റീംഗും കലാമത്സരവും

അമയന്നൂർ:- യുവജന പ്രസ്ഥാനം മണർകാട് ഡീസ്ട്രിക്റ്റ് കലാമത്സരവും ഡിസ്ട്രിക്റ്റ് മീറ്റീംഗും നവംബർ 9-ാം തീയതി ഞായറാഴ്ച കാരാട്ടുകുന്നേൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് റവ. ഫാ. കുറിയാക്കോസ് മാണിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. പൗലൂസ് നൈനാൻ യോഗം ഉത്ഘാടനം ചെയ്തു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തേക്കുങ്കൽ ടി. എ. ജേക്കബ് അച്ചനെ യോഗം അനുമോദിക്കുകയും റവ. ഫാ. തോമസ് ആൻഡ്രൂസ് അനുമോദന പ്രസംഗം നടത്തുകയും ഡിസ്ട്രിക്റ്റിന്റെ ഉപഹാരം അച്ചന് സമർപ്പിക്കുകയും ചെയ്തു.

# ചികിൽസാ സഹായം വിതരണം ചെയ്തു

ഈ വർഷം P M K ചാരിറ്റബിൾ ഫണ്ടിൽ നിന്നും ഒരു രോഗിക്ക് 3500 രൂപ സഹായം നൽകി.

# അവാർഡുകൾ വിതരണം ചെയ്തു




2007-08 അദ്ധ്യായന വർഷത്തിൽ ഇടവകയിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. SSLC പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥിക്കുള്ള അവാർഡിന് ആഷ്നാ മേരി ജോൺ അർഹയായി. ഒഴുകയിൽ ഒ. എ. ജോണിന്റെയും, ഷേർലി ജോണിന്റെയും മകളാണ്. 12-ാം ക്ലാസ്സ് പരീക്ഷയിൽ കൂടുതൽ മാർക്ക് നേടി ജഫിൻ ജേക്കബ്ബ് അവാർഡിന് അർഹനായി. തേക്കുങ്കൽ ടി. എ. ജേക്കബ്ബിന്റെയും റോസമ്മ ജേക്കബ്ബിന്റെയും മകനാണ്.

# കുരിശടിക്കേസിലെ പ്രതികൾ...

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മണർകാട്, മാലം, കാവുംപടി തെക്കേവീട്ടിൽ ടോം ലാൽ. ടി. തോമസ്, വെള്ളൂർ ഗ്രാമറ്റം കൊല്ലാം കുഴി വിനു വർഗ്ഗീസ്, ഗ്രാമറ്റം പാലക്കാട്ട് ഏലിയാസ്, അരീപ്പറമ്പ് ഒറവയ്ക്കൽ പാറയിൽ ദിലീപ്, മാലം കിഴക്കേടത്തുവീട്ടിൽ സുരേഷ് വർഗീസ്, മണർകാട് വെച്ചൂപ്പറമ്പിൽ പോൾ വർഗീസ് എന്നിവരാണ് കുരിശടി തകർത്ത സംഭവവുമായി ബന്ധപ്പെട്ട് മുൻകൂർ ജാമ്യാപേക്ഷയ്ക്ക് ശ്രമിച്ചത്. ഇവരുടെ പേരുവിവരങ്ങൾ കഴിഞ്ഞ ദിവസം നിയമസഭയിൽ ആഭ്യന്തര മന്ത്രി ജോസഫ് എം. പുതുശേരിയുടെ സബ്മിഷന് മറുപടിയിലൂടെ മന്ത്രി വ്യക്തമാക്കിയതുമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ മഹാസമ്മേളനം കോട്ടയത്തു നടന്ന കഴിഞ്ഞമാസം 16-ന് രാത്രിയിലാണ് കുരിശടികൾക്കുനേരെ ബൈക്കുകളിലെത്തി ആക്രമണം നടത്തിയതെന്നാണ് പോലീസിന്റെ വിശദീകരണം. പ്രതികൾ ഇപ്പോഴും പോലീസിന്റെ വിശദീകരണം. പ്രതികൾ ഇപ്പോഴും പോലീസിന്റെ കൺമുമ്പിൽകൂടി നടന്നിട്ടും അറസ്റ്റ് മനപൂർവം വൈകിപ്പിക്കുകയാണെന്ന ആരോപണവുമുണ്ട്.

(രാഷ്ട്രദീപിക, ഡിസം. 5)

ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്

ജെ. തോമസ് ഉടുമ്പനാട്ടും കുടുംബവും

ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്

ആബിച്ചൻ & അച്ചു പുറങ്കാവിൽ

ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്

പുത്തൻപറമ്പിൽ കുടുംബം

ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്

ഒരു വിശ്വാസി

വാഹന ഉടമകളുടെ ശ്രദ്ധയ്ക്ക്!!!
ICICI Lombard-ൽ കൂടി വാഹനങ്ങളുടെ ഇൻഷുറൻസ് ചെയ്തു കൊടുക്കപ്പെടും.
Cont : 9496223769
Contact: ബിനിമോൾ കുര്യൻ
PH - 0481- 2545940
Mob - 9496223769


ഇന്റർ ലോക്കിംഗ് ടൈൽസ് ഓർഡർ അനുസരിച്ച് വിരിച്ചു കൊടുക്കപ്പെടും
SASCO PAVERS
Marygiri Building, Thuthootty,
Thiruvanchoor P. O. Kottayam
Contact: Santhosh Abraham, Santhosh Bhavan
Ph: 9447235357, 0481 2544457
ഓട്, വാർക്ക, ഭിത്തി എന്നിവ ആധുനിക മിഷൻ ഉപയോഗിച്ച് ദിവസ/മണിക്കൂർ വാടകയ്ക്ക് കഴുകി വൃത്തിയാക്കി കൊടുക്കും.


Printed and Published by Fr. Thomas Andrews, President St. Mary's Youth Movement, Karattukunnel. Editor: Sleeba C. Abraham
E-mail Address: darshanamkarattukunnel@yahoo.com Printed at Sophia Print House, Kottayam, Ph: 0481 - 3255054, 99471 20697